**ജൈവകൃഷി ആരെയാണ് അലോസരപ്പെടുത്തുന്നത് ?**

ജൈവകൃഷിക്കെതിരെ സംഘടിത രൂപത്തിലുണ്ടായ കുപ്രചരണങ്ങൾക്ക് മറുപടിയായി 2015 സെപ്തംബറിൽ കേരളീയം തുടങ്ങിവച്ച ആശയപ്രചാരണം തുടരുന്നു....

**രാസകൃഷിയും** ആധുനിക ജീവിതവും വരുത്തിവെച്ച ആപത്സന്ധികളാണ് ജൈവകൃഷിയിലേക്കും അതിലൂടെ മറ്റൊരു ജീവിതസൃഷ്ടിയിലേയ്ക്കും തിരിയാൻ ഇന്നു ലോകത്തെ പ്രേരിപ്പിക്കുന്നത്. നമ്മെ പേടിപ്പിക്കുകയും വേദനിപ്പിക്കുകയും അരിശം കൊള്ളിക്കുകളും നിരാശപ്പെടുത്തുകയും ചെയ്യുന്ന സമകാലീകമായ പല വിപത്തുകളും ഇക്കഴിഞ്ഞ നൂറ്റാണ്ടുകൾക്കുള്ളിൽ കാർഷിക ആവാസവ്യവസ്ഥ (agro ecosystem)യെ തകർത്തതിന്റെ ഫലമായി വന്നുചേർന്നവയാണ്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാർഷിക ആവാസവ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിനുള്ള ഒരേയൊരു വഴി ജൈവകൃഷിയാണ്. അതുകൊണ്ട് ഒരു കൃഷിരീതി എന്നതിനപ്പുറം ജൈവകൃഷി ഇന്ന് സൂക്ഷ്മതലത്തിലുള്ള സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനമാണ്. അത് വ്യക്തിയുടേയും കുടുംബത്തിന്റേയും സമൂഹത്തിന്റേയും പ്രതിരോധവും മുന്നേറ്റവുമായിട്ടുണ്ട്. കേരളത്തിൽ മാത്രമല്ല പുതിയൊരു ജീവിതക്രമത്തെ മുന്നോട്ടുവെച്ചുകൊണ്ട് ലോകതലത്തിൽത്തന്നെ ജൈവകൃഷി കർമ്മ സമരമാർഗ്ഗമായിട്ടുണ്ട്.

# ആധുനികതത്വത്തിന്റെ യുക്തിയെ ജൈവകൃഷി ചോദ്യം ചെയ്യുമ്പോൾ

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാർഷിക ആവാസവ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിനുള്ള ഒരേയൊരു വഴിയാണ് ജൈവകൃഷി. ഒരു കൃഷിരീതി എന്നതിനപ്പുറം ജൈവകൃഷി ഇന്ന് സൂക്ഷ്മതലത്തിലുള്ള സാമൂഹ്യ–രാഷ്ട്രീയ പ്രവർത്തനമാണ്. വ്യക്തിയുടേയും കുടുംബത്തിന്റേയും സമൂഹത്തിന്റേയും പ്രതിരോധവും സമരവുമാണ്.

■ **വി. അശോക്കുമാർ**

**കാർഷിക ആവാസവ്യവസ്ഥയുടെ തകർച്ച**

പ്രകൃതിയിൽ കാട്, പുഴ, അഴിമുഖം, തണ്ണീർത്തടം എന്നിങ്ങനെ പലവിധ ആവാസവ്യവസ്ഥകളുണ്ട്. സ്വയം സമ്പൂർണ്ണമായ ഈ ജീവൽ സംവിധാനക്രമത്തെ പിൻപറ്റി, അവയുടെ തുടർച്ചയായി മനുഷ്യപ്രയത്നങ്ങൾ രൂപം പൂണ്ട്, പുതിയ ഒരു സ്വയം സമ്പൂർണ്ണക്രമമാണ് കാർഷിക ആവാസവ്യവസ്ഥ. കൃഷിയെ ആശ്രയിച്ചു നിലനിന്നുപോരുന്ന ജൈവവൈവിധ്യലോകമാണത്.

പ്രകൃതിയെ അനുകരിച്ച് ആഹാരം ഉൽപാദിപ്പിക്കുന്ന പ്രക്രിയ മനുഷ്യന് ഏറ്റെടുത്തേ മതിയാവൂ. അന്നോൽപാദനം ഒരേസമയം മനുഷ്യന്റെ ഗതികേടും സ്വാതന്ത്ര്യവുമാണ്. പ്രകൃതിക്കുമാത്രം വശമുള്ള ഈ ഉൽപാദനപ്രക്രിയയിൽ ഏർപ്പെടുമ്പോൾ അത് അങ്ങേയറ്റം പ്രകൃത്യാനുസാരിയാകുവാൻ നാട്ടുമനുഷ്യർ ശ്രദ്ധകൊടുത്തു. അങ്ങനെയാണ് പ്രകൃതി നിർമ്മിത ആവാസവ്യവസ്ഥയുടെ അനുബന്ധമായി മനുഷ്യനിർമ്മിത ആവാസവ്യവസ്ഥ രൂപപ്പെടുന്നത്. ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾ- മണ്ണിനം, കാലാവസ്ഥാഭേദങ്ങൾ, ജലലഭ്യത, സൂര്യാദിഗോളങ്ങളുടെ ചലനം എന്നിവയൊക്കെ ആഴത്തിൽ പഠിച്ചുകൊണ്ട് നൂറ്റാണ്ടുകളുടെ അനുഭവപരീക്ഷണശാലകളിൽ നിന്നാണ് കാർഷിക ആവാസവ്യവസ്ഥയുടെ നാട്ടുകൃഷി പാരമ്പര്യം വാമൊഴിയായും വരമൊഴിയായും പകർത്തപ്പെട്ടത്.'ഞാ

റ്റുവേല'യെ അടിസ്ഥാനമാക്കിയുള്ള കേരളത്തിലെ നാട്ടുകൃഷിരീതികളിൽ കാണുന്നത് ഈ നാട്ടുകൃഷിശാസ്ത്രമാണ്. ഉത്തരമലബാറിലെ കൈപ്പാടുനിലങ്ങളും എറണാകുളം, ആലപ്പുഴ തീരദേശങ്ങളിലെ പൊക്കാളിപ്പാടങ്ങളും തൃശൂർ- പൊന്നാനി കോൾനിലങ്ങളും വയനാടൻ നഞ്ചയും ഓണാട്ടുകരയുമൊക്കെ ഓരോ കാർഷിക ആവാസവ്യവസ്ഥകളാണ്.

കാർഷികവൃത്തിതന്നെ പ്രകൃതിവിരുദ്ധമായി കാണുന്ന ചിന്താഗതി നാട്ടുകാർഷികവഴക്കങ്ങളിൽ കാണാനാവില്ല. ഈ ചിന്ത തികച്ചും പുതിയതാണ്. കാരണം കാർഷിക ആവാസവ്യവസ്ഥയെയും അതിനൊപ്പം പ്രകൃതിയിലെ ആവാസവ്യവസ്ഥകളെയും തകർക്കുന്ന ആധുനിക കൃഷിരീതികളുടെ വക്താക്കളാണ് കൃഷിയെ ഒന്നാകെ പ്രകൃതിനിഷേധമായി ചിത്രീകരിക്കുന്നത്. അവരുടെ കാർഷിക പ്രവർത്തനങ്ങൾ പ്രകൃതിയെ പരുക്കേൽപ്പിക്കുന്നതിനാൽ എക്കാലത്തെയും എല്ലാവരുടെയും കൃഷിയെ അതേ കണ്ണിൽത്തന്നെ അവർ കാണുന്നു.

അധിനിവേശകാലം മുതലാണ് കാർഷിക ആവാസവ്യവസ്ഥയുടെ തകർച്ച തുടങ്ങുന്നത്. അവിധിനിവേശമെന്നാൽ പ്രധാനമായും പുതിയ കാർഷിക സംവിധാനത്തിന്റെ സ്ഥാപനമാണ്. തദ്ദേശീയ കാർഷികലോകം ആഗോള കമ്പോളത്തിനുവേണ്ട നാണ്യവിള/ഏകവിളത്തോട്ടങ്ങളാക്കി പരുവപ്പെടുന്നത് കോളനിത്വ (coloniality)ത്തിന്റെ മുഖമുദ്രയാണ്. തോട്ടം ഉടമ (planter) അഥവാ കോളനി യജമാനൻ ആധുനിക യൂറോപ്യൻ ആണ്. തോട്ടം കൃഷി, കോളനിത്വം, ആധുനികത്വം (modernity) എന്നിവ ഓരോ കാലത്ത് സംഭവിച്ചു. ഓരോന്നും മറ്റൊന്നിനെ ആശ്രയിച്ചുമാത്രം നിലകൊള്ളുന്നു.

തോട്ടംകൃഷി, അതിനു കാരണമായ കോളനിത്വം, അതിന്റെ ഫലമായ ആധുനികത്വം ഇവ ഒരുമിച്ചു പങ്കുവെയ്ക്കുന്ന വിശ്വാസപ്രമാണങ്ങളും അതിന്റെ പ്രയോഗങ്ങളും പരിശോധിക്കുമ്പോൾ കാർഷിക ആവാസവ്യവസ്ഥ എങ്ങനെ തകർക്കപ്പെട്ടുവെന്നും പ്രത്യാഘാതങ്ങൾ എന്തായിരുന്നുവെന്നും ജൈവകൃഷി എന്തുകൊണ്ട് പ്രസക്തമാകുന്നുവെന്നും ബോധ്യപ്പെടും.

## ആധുനികത്വത്തിന്റെ വിശ്വാസപ്രമാണങ്ങൾ

**1. തെരഞ്ഞെടുക്കപ്പെട്ട മുന്തിയ ഇനത്തിലുള്ള വിശ്വാസവും അതിന്റെ വ്യാപനവും:**

ചില ജാതികൾമാത്രം വ്യാപിക്കുന്നത് ചരിത്രപരമായ അനിവാര്യതയും ആവശ്യകതയും പുരോഗതിയുമാണെന്ന വിശ്വാസമാണിത്. അവ വ്യാപിക്കുമ്പോൾ ഇതര ജാതികൾക്കുണ്ടാകുന്ന വംശനാശം– വൈവിധ്യനാശം പരിണാമത്തിന്റെ സ്വാഭാവികഗതിയായി വിലയിരുത്തപ്പെടുന്നു.

പതിനേഴാം നൂറ്റാണ്ടുമുതൽ, കേരളത്തിൽ ഡച്ചുകാലം മുതലെങ്കിലും തീരദേശങ്ങളിൽ തെങ്ങിൻതോട്ടങ്ങളുടെ വ്യാപനം വയൽ ആവാസവ്യവസ്ഥയെ തകർക്കാൻ തുടങ്ങി. ഇതേകാലത്ത് കരീബിയൻ ദ്വീപുകളിൽ യൂറോപ്യൻ കരിമ്പിൻ തോട്ടങ്ങൾ, അമേരിക്കയിൽ പുകയിലത്തോട്ടങ്ങൾ ഇവ അടിമക്കച്ചവടവും ആധുനിക ദുശ്ശീലങ്ങളുമുണ്ടാക്കി. 1877ൽ കേരളത്തിൽ പൂഞ്ഞാർ രാജാവ് 1,36,000 ഏക്കർ വനഭൂമി, പശ്ചിമഘട്ടവനമേഖലകൾ 300 രൂപയ്ക്കു പാട്ടം വാങ്ങിക്കൊണ്ട് തേയില, കാപ്പിത്തോട്ടങ്ങളുണ്ടാക്കാൻ ജോൺ ഡാനിയേൽ മൺറോയ്ക്കു വിട്ടുകൊടുത്തു. വനം നശിപ്പിച്ചുണ്ടായ ഏകവിളത്തോട്ടങ്ങൾ മണ്ണൊലിപ്പ്, വരൾച്ച, വളശോഷണം, ജീവനാശം, കാലാവസ്ഥാമാറ്റം എന്നിവ വരുത്തി. ഭക്ഷ്യോൽപാദനം കുറച്ചു. ഭൂമി നാണ്യവിളയ്ക്കുള്ള ക്രയവിക്രയ ചരക്കാക്കി മാറ്റി. ജനങ്ങൾ തദ്ദേശീയ ആവാസവ്യവസ്ഥകളിൽനിന്ന് തൊഴിൽതേടി പലായനം തുടങ്ങി.

ഗൂഗി വാൻ തിയാഗോ എഴുതിയതുപോലെ സംസ്കാരത്തിൽ ആഫ്രിക്കയിലെ നാട്ടുഭാഷകളെ നശിപ്പിച്ചുകൊണ്ട് കാർഷികാധിനിവേശം യൂറോപ്യൻ ഭാഷകളെ മുന്തിയതാക്കി മാറ്റി. ആരോഗ്യത്തിൽ നാട്ടുശാസ്ത്രങ്ങളെ (local science) കാലഹരണപ്പെട്ടതാക്കിക്കൊണ്ട് ഫ്രാൻസിസ് ബേക്കൺ അടിത്തറയിട്ട പരീക്ഷണശാലാശാസ്ത്രം (experimental science) മാത്രം ആധികാരികമായി മാറി. തൊഴിൽമേഖലയിൽ, കേന്ദ്രീകൃതവും മൂലധനാധിഷ്ഠിതവുമായ വലിയ ഉൽപാദന വ്യവസ്ഥയും അതിന്റെ നാണയക്കൂലി സമ്പ്രദായവും ഉന്നത മാതൃകയായി.

ഫ്രാൻസിസ് ബേക്കണും ജോർജ്ജ് വാഷിംഗ്ടണുമൊക്കെ അമേരിക്കൻ കോളനിയിൽ ഏകവിളത്തോട്ട ഉടമകളായിരുന്നു. കൃഷി, ശാസ്ത്രം, രാഷ്ട്രമീമാംസ എന്നിവയിലെ ആധുനികത്വത്തിനു സമാനതകളുണ്ടെന്നു സാരം.

**2. വേർപെടുത്തിയുള്ള പരിശോധനയും ഒറ്റയ്ക്കൊറ്റയ്ക്കുള്ള പരിഹാരക്രിയകളും:**

ആധുനികത്വം പരസ്പരബന്ധിതമായവയെ സാകല്യത്തിനിന്നും വേർപ്പെടുത്തി ഒറ്റയായി കാണുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നു. ഏകവിളകൾ സസ്യജന്തു വൈവിധ്യത്തെ നശിപ്പിക്കുന്നതും പ്രകൃതിവിരുദ്ധവുമായതിനാൽ അവ വേഗം രോഗകീടാദികൾ

⇨ ഭക്ഷ്യോൽപ്പന്നങ്ങൾക്ക് വിപണിയിലെ ആകർഷകത്വും ഈടും കിട്ടാൻ വിഷം മാധ്യമമായിത്തീർന്നു ⇨

ക്കു വശപ്പെടുന്നു. മണ്ണൊലിപ്പ്, വരൾച്ച, വളശോഷണം എന്നിവയുണ്ടാക്കുന്നു. ഇങ്ങനെ തോട്ടങ്ങളിലെ ഉൽപാദനം മന്ദീഭവിച്ചപ്പോൾ പരമാവധി ഉൽപാദനം നേടാനുള്ള വഴി തുറക്കുന്നതിനായിട്ടാണ് പരീക്ഷണശാലാകൃഷിശാസ്ത്രം ഉത്ഭവിക്കുന്നത്. ചെടികൾക്കു കൃത്രിമത്തീറ്റ നൽകി ഉൽപാദനം കൂട്ടാൻ പഠിച്ചു. 19–ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കൃത്രിമവളങ്ങൾ- നൈട്രേറ്റുകൾക്കുവേണ്ടിയുള്ള പരക്കംപാച്ചിൽ തോട്ടമുടമകൾ നടത്തുന്നുണ്ട്. നൈട്രേറ്റുകൾ വെടിക്കോപ്പു രാസവസ്തുക്കളായതിനാൽ യുദ്ധകാലങ്ങളിൽ ജനങ്ങൾക്കുമേലും ഇടവേളകളിൽ മണ്ണിലേയ്ക്കും ഇവ വിക്ഷേപിയ്ക്കപ്പെട്ടു. ഇത്തരം കൃത്രിമത്തീറ്റകൾമൂലം സസ്യവും മണ്ണും സൂക്ഷ്മജീവികളും തമ്മിലുള്ള വിശുദ്ധബന്ധം മറയ്ക്കപ്പെട്ടു. ശരീരവും ഭക്ഷണവും തമ്മിലുള്ള ഉൾപ്പൊരുത്തവും മാറ്റിമറിയ്ക്കപ്പെട്ടു. കൃത്രിമവളത്തെ താങ്ങുന്ന കൃത്രിമവിത്തും, അവയ്ക്കുവേണ്ടി വിഷപ്രയോഗവും പ്രചരിപ്പിക്കപ്പെട്ടു. കൃഷി വ്യവസായത്തിന്റെ ഔദാര്യത്താൽമാത്രം നടക്കുന്ന ഏർപ്പാടാക്കിമാറ്റി. വിത്ത്, വളം, വിപണി, വിജ്ഞാനം എല്ലാം കോർപ്പറേറ്റുകളുടെ പിടിയിലാക്കി. പരിസ്ഥിതിയും ഭക്ഷണവും മനസ്സും ദൂഷിതമാക്കി; മാരകരോഗങ്ങൾ സാധാരണമായി.

വിനിമയമൂല്യം ഒന്നാമതെത്തിയപ്പോൾ നെല്ലിനു പകരം തെങ്ങും കവുങ്ങും റബ്ബറും ഫ്ളാറ്റും വയലിലേയ്ക്കുവന്നു. നാണയം, പ്രത്യേകിച്ച് വിദേശനാണ്യം പൗരസമൂഹത്തിന്റേയും രാഷ്ട്രത്തിന്റെയും സവിശേഷ പ്രചോദനമായി. കയറ്റിറക്കുമതി, അതിന്റെ കങ്കാണിമാർ, നാണ്യവിളമുതലാളിമാർ, അവർക്കായുള്ള തുറമുഖ–അടിസ്ഥാന സൗകര്യങ്ങൾ, നഗരവൽക്കരണം ഇവയൊക്കെ വികസനലക്ഷണങ്ങളായി അംഗീകരിക്കപ്പെട്ടു. ഭക്ഷ്യവിളഭൂമികളും വനപ്രദേശങ്ങളും ഇല്ലാതായി.

**3. ഉപയോഗ മൂല്യത്തേക്കാൾ വിനിമയമൂല്യം മുഖ്യം**

ആധുനികത്വത്തിൽ ഉൽപാദനത്തിന്റെ പ്രഥമലക്ഷ്യം മനുഷ്യരുടെ ഉപയോഗമല്ല; കച്ചവടവും അതുവഴിയുള്ള ലാഭവുമാണ്.

വിനിമയമൂല്യം ഒന്നാമതെത്തിയപ്പോൾ നെല്ലിനു പകരം തെങ്ങും കവുങ്ങും റബ്ബറും ഫ്ളാറ്റും വയലിലേയ്ക്കുവന്നു. നാണയം, പ്രത്യേകിച്ച് വിദേശനാണ്യം പൗരസമൂഹത്തിന്റേയും രാഷ്ട്രത്തിന്റെയും സവിശേഷപ്രചോദനമായി. കയറ്റിറക്കുമതി, അതിന്റെ കങ്കാണിമാർ, നാണ്യവിളമുതലാളിമാർ, അവർക്കായുള്ള തുറമുഖ-അടിസ്ഥാന സൗകര്യങ്ങൾ, നഗരവൽക്കരണം ഇവയൊക്കെ വികസനലക്ഷണങ്ങളായി അംഗീകരിക്കപ്പെട്ടു. ഭക്ഷ്യവിളഭൂമികളും വനപ്രദേശങ്ങളും ഇല്ലാതായി. ഭക്ഷണം വിദൂരങ്ങളിൽ നിന്ന് കമ്പോളത്തിലെത്തി. ഏറ്റവും കുറഞ്ഞ ചെലവിൽ കൂടി ഉൽപാദനം എന്ന നിലയിൽ കൃഷിക്കളങ്ങൾ, ഫാക്ടറികളെപ്പോലെ സജ്ജീകരിക്കപ്പെട്ടു. ഭക്ഷ്യോൽപ്പന്നങ്ങൾക്ക് വിപണിയിലെ ആകർഷകത്വവും ഈടും കിട്ടാൻ വിഷം മാധ്യമമായിത്തീർന്നു.

**4. പ്രകൃതിയുടെ അധ്വാനവും സേവനവും കാണുന്നില്ല:**

ആധുനികത്വം നാളിതുവരേയുള്ള എല്ലാ നേട്ടങ്ങൾക്കും കാരണമായി മനുഷ്യന്റെ ബുദ്ധിശക്തിയെയും അധ്വാനശക്തിയെയുംമാത്രം പരിഗണിക്കുന്നു. മനുഷ്യശക്തിയാൽ മാറ്റിത്തീർത്ത് ഉപയുക്തമാകുമ്പോൾമാത്രം മൂല്യമുള്ള ഒന്നായി പ്രകൃതിയെ കുറച്ചുകാണുന്നു. പ്രകൃതിയുടെ നിരന്തരമായ അധ്വാനത്തിന്റെ മൂല്യം, പ്രകൃതി നമുക്കു നൽകുന്ന പ്രതിഫലമില്ലാത്ത അധ്വാനത്തിന്റെ, സേവനമൂല്യം, കാട് കാടായും വയൽ വയലായും പ്രകൃതി നിലനിർത്തുമ്പോൾ നമുക്കു കിട്ടുന്ന ഗുണങ്ങൾ ആധുനികത്വത്തിന്റെ സാമ്പത്തിക ശാസ്ത്രം കണക്കിലെടുക്കുന്നില്ല.

ആധുനികത്വം പ്രകൃതിയെ ദരിദ്രയും അലസയും, മൂലധന ഉൽപാദനത്തിന് സ്വയം അശക്തയുമായി നിർവ്വചിക്കുന്നു. അതിനാൽ മൂലധനംകൊണ്ടും അതിന്റെ ശാസ്ത്രസാങ്കേതികവിദ്യകൊണ്ടും മനുഷ്യൻ സമൃദ്ധി നേടുന്നതായി അവകാശപ്പെടുന്നു. അങ്ങനെ നാട്ടുമാമ്പഴക്കാലത്തിനു പകരം എപ്പോഴും വിപണിയിൽ 'മാമ്പഴക്കാലം'. നാട്ടുവിത്തുകളെ ഇല്ലാതാക്കിക്കൊണ്ട് അന്താരാഷ്ട്ര നെല്ലു ഗവേഷണകേന്ദ്രത്തിൽനിന്ന് ഏഷ്യൻ രാജ്യങ്ങൾക്കായി 1966ൽ ഐ.ആർ.8 നെല്ല്; ബ്രോയ്‌ലർ കോഴികൾ; എച്ച്.എഫ്. പശുക്കൾ. ബാഹ്യമായി ഈ സമൃദ്ധി അദൃശ്യമായ തിരിച്ചടികൾ നൽകുന്നുണ്ട്. മൂലധന-ശാസ്ത്രസാങ്കേതികവിദ്യയുടെ ഈ സംരംഭങ്ങൾ അധിനിവേശത്തിന്റെ, വക്രപാദങ്ങളെന്ന് ബോധ്യപ്പെട്ടുകഴിഞ്ഞു.

**നാട്ടുശാസ്ത്ര വൈവിധ്യത്തിനുമേൽ ആഗോളശാസ്ത്രം**



മൂലധനത്തിന്റെയും അധികാരത്തിന്റെയും കളിപ്പാട്ടങ്ങളായ പരീക്ഷണശാലകൾ മൂലധനവും അധികാരവുമില്ലാത്ത നാട്ടുവിജ്ഞാന മനുഷ്യർക്ക് എളുപ്പത്തിൽ ലഭ്യമല്ല. ജനകീയമായ അറിവിനെ ആഗോളശാസ്ത്രം സ്വകാര്യവത്കരിച്ചു മൂലധനത്തിനു കീഴിലാക്കുന്നു. എന്നിട്ട് നാട്ടുശാസ്ത്രങ്ങളോട് തങ്ങളുടെ ലാബിലെ അഗ്നിയിൽ ചാടി ചാരിത്ര്യശുദ്ധി തെളിയിക്കാൻ വെല്ലുവിളിക്കുന്നു. ഈ വെല്ലുവിളി നിസ്വനായ നാട്ടുമനുഷ്യനെയും അയാളുടെ അനുഭവജ്ഞാനത്തെയും മുഖത്തുനോക്കി അപമാനിക്കലും കെട്ടിയിട്ടു തല്ലലുമാണ്. ഇതിൽ അധികാരത്തിന്റെയും അറിവിന്റെയും പുരുഷാധിപത്യമാണ് ഒളിഞ്ഞിരിക്കുന്നത്.

ജൈവകൃഷിയുടെ ബലം നാട്ടുശാസ്ത്രമാണ്. വൈവിധ്യങ്ങളെയും പ്രകൃതിയുടെ പരസ്പരബന്ധത്തെയും മാനിക്കാത്ത ആഗോളശാസ്ത്രത്തിന്റെ ചൂഷകസ്വഭാവത്തെ അത് തിരിച്ചറിഞ്ഞ് തടയുന്നു. ആഗോളശാസ്ത്രത്തിന്റെ വളർച്ച പാശ്ചാത്യ അധിനിവേശലക്ഷ്യങ്ങളുമായി ബന്ധപ്പെട്ടതാണ്. അത് പനിക്കൂർക്കയെ അശാസ്ത്രീയമെന്നു പരിഹസിക്കുകയും പാരസെറ്റമോളിന്റെ അടിമകളാക്കി ലോകതലത്തിൽത്തന്നെ മനുഷ്യരെ നശിപ്പിക്കുകയും ചെയ്യുന്നു. നാട്ടുവിജ്ഞാനങ്ങളെ ആംഗലേയവൽക്കരിക്കരിച്ചും കൂട്ടിച്ചേർത്തും മാറ്റം വരുത്തിയും പേറ്റന്റ് നേടി മൂലധനമുടക്കുള്ള കമ്പനിയുൽപ്പന്നമാക്കുകയാണ് ആഗോളശാസ്ത്രം ചെയ്യുന്നത്. പ്രകൃതി, മനുഷ്യൻ, വിപണി ഇതിൽ വിപണിയുടെ ഭീമാകാര വളർച്ച മാത്രമാണതിന്റെ ലക്ഷ്യം.

മുമ്പ് ജൈവകൃഷിയെ കണ്ണടച്ച് എതിർത്തിരുന്നെങ്കിൽ കൃഷിയുദ്യോഗസ്ഥർ ഇപ്പോൾ 'ജീവാമൃത'മെന്നും 'പഞ്ചഗവ്യ'മെന്നും പറയുന്നുണ്ട്. ജൈവകൃഷിവിദ്യകളുടെ ഗുണഫലം കാർഷിക സർവ്വകലാശാലയിൽ ഗവേഷണത്തിൽ തെളിയിക്കുന്നുണ്ട്. നാടൻ പശുവിന്റെ പാലിന്റെ മേന്മ പഴഞ്ചൻ അന്ധവിശ്വാസമല്ലെന്നു ആഗോളശാസ്ത്രത്തിന്റെ ലാബിൽ ബോധ്യപ്പെടുന്നു. ആഗോളശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ചുകൊണ്ടു തന്നെ അതിന്റെ ശാസ്ത്രപുരോഹിതന്മാരെ മുട്ടുകുത്തിക്കുന്നതിനായി ജൈവകൃഷി മാർഗ്ഗങ്ങളും നാട്ടുവിത്തുകളും ലാബിൽ അഗ്നിപരീക്ഷണങ്ങളെ അതിജീവിച്ചു ചാരിത്ര്യം തെളിയിക്കുകയാണ്.

ലാബിൽ ഡി.എൻ.എ. ടെസ്റ്റു നടത്തിയതിനുശേഷമല്ല ആരെങ്കിലും അച്ഛനെ 'അച്ഛാ' എന്നു വിളിക്കുന്നത്. നെല്ലരി ചോറാക്കി കഴിക്കുന്നതും തേങ്ങാ ചിരണ്ടിയെടുത്ത് ഇഞ്ചിയും പുളിയും ഉപ്പും ചേർത്ത് ചമ്മന്തിയുണ്ടാക്കി കഴിക്കുന്നതും എന്തെങ്കിലും ശാസ്ത്രീയ പരീക്ഷണത്തിന്റെ പിൻബലത്തിലല്ല. മോരും വെള്ളവും നാരങ്ങാവെള്ളവും കുടിച്ചത് ശാസ്ത്രജ്ഞൻ പറഞ്ഞിട്ടല്ല. എന്നാൽ കോളയും നൂഡിൽസും പുറത്തുവരുന്നതും അത് ആളുകൾ വാങ്ങുന്നതും 'നല്ല' ടെസ്റ്റുകളൊക്കെ നടത്തിവന്ന വിശുദ്ധ ഉൽപന്നങ്ങളെന്ന വിശ്വാസത്തിലാണ്. ഫുഡ് സയൻസിന്റെ സർട്ടിഫിക്കറ്റുകളുണ്ട് അവയ്ക്ക്. എന്നിട്ടും അതിൽതന്നെയാണ് സകലചതികളും മറഞ്ഞിരിക്കുന്നത്. നാട്ടറിവായ ഉമിക്കരി അശാസ്ത്രീയവും പഴഞ്ചനുമാകുന്നതും ആഗോളശാസ്ത്രോൽപന്നമായ ടൂത്ത്പേസ്റ്റിനെ ശാസ്ത്രീയവും പരിഷ്കൃതവുമാക്കുന്നതും പുതിയ ശാസ്ത്രാന്ധവിശ്വാസമാണ്. ഇതുകൊണ്ട് നേട്ടമുണ്ടാക്കുന്നത് സയൻസ് പുരോഹിതവർഗ്ഗവും അവർ വേദമോതിക്കൊടുക്കുന്ന സഭാസക്തമൂലധനാധിപത്യവുമാണ്.

പരമ്പരാഗതകൃഷിയിലേയ്ക്കും ഭക്ഷണത്തിലേയ്ക്കും മനുഷ്യർ തിരിയുന്നത് അന്ധവിശ്വാസം കൊണ്ടല്ല അതിജീവനത്തിനായിട്ടാണ്. ഗാന്ധിജി ചർക്കയിൽ നൂലു നൂറ്റ് സമരം ചെയ്തത് വിദേശാധിപത്യത്തെ ചോദ്യം ചെയ്യാനാണ്. അതുപോലെ കൃഷിക്കാരെയും ഭക്ഷണവൈവിധ്യത്തെയും പരിസ്ഥിതിയെയും നശിപ്പിച്ച് തടിച്ചുചീർക്കുന്ന ആഗോളമൂലധന ശക്തികളോടു സന്ധിയില്ലാസമരത്തിനുള്ള

ആജന്മായുധമാണ് ജൈവകൃഷി.

എൻഡോസൾഫാൻ നിരുപദ്രവകാരിയാണ് എന്ന് ഒരു ശാസ്ത്രജ്ഞൻ വാദിക്കുന്നുവെങ്കിൽ അതാണ് അന്ധവിശ്വാസം പ്രചരിപ്പിക്കൽ. രാസകൃഷിയിലൂടെ മാത്രമേ ഭക്ഷ്യസുരക്ഷ നേടാനാവൂ എന്നു പറയുന്നതും അന്ധവിശ്വാസപ്രചാരണമാണ്. നമ്മുടെ പാഠപുസ്തകങ്ങളിലൂടെ ഇതാണ് ചെയ്തുകൊണ്ടിരിക്കുന്നതും. രാസവിഷങ്ങൾകൊണ്ട് മണ്ണും വെള്ളവും ആഹാരവും വിഷമയമാക്കിയിട്ട് കാൻസറും വൃക്കരോഗവുമൊക്കെ പെരുകുമ്പോൾ, കാരണമറിയാതെ ജനം അന്തംവിട്ട് ജോത്സ്യന്മാരിലും പൂജാദികർമ്മങ്ങളിലും ആൾദൈവങ്ങളിലും ക്യൂനിൽക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനുത്തരവാദികൾ ആഗോളശാസ്ത്രപുരോഹിതന്മാരാണ്.

ശാസ്ത്രീയമായി ജീവിക്കുക എന്നതിന്റെ അർത്ഥം അലോപ്പതി വിഷമരുന്നുകളും രാസവളവിഷങ്ങളും കൊട്ടക്കണക്കിന് ഉപയോഗിക്കുക എന്ന് തെറ്റിദ്ധരിപ്പിക്കരുത്. ശാസ്ത്രീയമായി ജീവിക്കുക എന്നാൽ മനുഷ്യർ നേരിടുന്ന വെല്ലുവിളികളുടെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തുക എന്നും അതിന് സാധ്യമായ പരിഹാരങ്ങൾ കണ്ടെത്തുക എന്നുമാണ്. പ്രതിസന്ധികളുടെ കാരണവും പരിഹാരവും തിരയേണ്ടത് വ്യക്തിതലത്തിലല്ല, ഭൗതികമായും സാമൂഹികമായും വേണമെന്നിടത്താണ് എല്ലാവിധ അന്ധവിശ്വാസങ്ങളോടും വിട പറയുന്നത്. ഏലൂരിൽ വ്യവസായജലമലിനീകരണം എന്ന യാഥാർത്ഥ്യമാണ് ആ പ്രദേശങ്ങളിൽ മാരകരോഗങ്ങൾ വരുത്തുന്നത്. അതിന്റെ പരിഹാരം വിഷവിമുക്തമായ പരിസ്ഥിതിയാണ് എന്ന് തിരിച്ചറിയാത്തിടത്തോളംകാലം, പരിഹാരം സാധ്യമാകാത്തിടത്തോളം കാലം വ്യക്തികൾ മരുന്നിൽ മാത്രമല്ല മന്ത്രത്തിലും ചെന്നുപെടും. വ്യവസായവൽക്കരിക്കപ്പെട്ട കൃഷിതന്നെ അന്ധവിശ്വാസമാണ്. അതിന്റെ തിരിച്ചടികൾ കൂടുതൽ അന്ധവിശ്വാസികളെ ഉൽപാദിപ്പിക്കുന്നു.

ആധുനിക കൃഷിയെന്ന അന്ധവിശ്വാസത്തെ തുറന്നുകാണിക്കുകയാണ് ജൈവകൃഷി ചെയ്യുന്നത്. അതിലൂടെ ആധുനികത്വത്തെ തന്നെയാണ് ജൈവകൃഷി ചോദ്യം ചെയ്യുന്നത്. മൂലധനത്തിന്റെയും വിപണിയുടെയും വളർച്ചയ്ക്കുവേണ്ടി മാത്രമുള്ളതാണ് പ്രകൃതിയും മനുഷ്യനുമെന്നുള്ള അന്ധവിശ്വാസം സൃഷ്ടിച്ചത് ആധുനികത്വമാണ്. പ്രകൃതിയും മനുഷ്യനും വിപണിയും സഹവർത്തിക്കുന്ന പരസ്പരം ശക്തിപ്പെടുത്തുന്ന മറ്റൊരു ലോകമാണ് ജൈവകൃഷിയിലൂടെ സാധ്യമാകുന്നത്. അതൊരു സുസ്ഥിര ലോകമാണ്.

ജൈവകൃഷി ആധുനികത്വത്തിന്റെ ഏകവിള വിശ്വാസത്തിലല്ല, വിളവൈവിധ്യത്തിന്റെ പ്രകൃതിബോധത്തിൽ ഉറച്ചതാണ്. അത് വനത്തെ പ്രകൃതിയുടെ മാതൃകാകൃഷിയിടമായി അനുകരിക്കുന്നു. അതേ വൈവിധ്യം ആവുന്നത്ര വരുത്തി, വന്യമായ കരുത്ത് ഓരോന്നിനും കൈവരുത്തുന്നു.

ജൈവകൃഷി സ്വന്തം കാലിൽ നിൽക്കുന്നു. അത് ഫോസിൽ ഇന്ധനത്തിന്റെയോ ആഗോളശാസ്ത്രത്തിന്റെയോ അടിമയാകുന്നില്ല. ചരാചരങ്ങളുടെ പരസ്പരൈക്യത്തെ ആദരിക്കുകയും ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു.

വിനിമയമൂല്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തന്നെയും ലോകത്തെയും നോക്കിക്കാണുന്ന സാമ്പത്തികമനുഷ്യനെ (econo man) ജൈവകൃഷി നിരാകരിക്കുന്നു. കർഷകൻ എന്നാൽ തനിക്കും അയൽക്കാരനും ഭക്ഷണം ഉൽപാദിപ്പിച്ച് പ്രകൃതിയെ കാക്കുന്നവൻ എന്ന് പുനർനിർവ്വചിക്കുന്നു. ഭക്ഷ്യോൽപാദനത്തിലും കൈമാറ്റത്തിലുമുണ്ടായിരുന്ന നാട്ടുധാർമ്മികത തിരിച്ചു വരുത്തുന്നു. പ്രാദേശിക കർഷകസമൂഹത്തിന്റെ നിലനിൽപ്പ് ഒരു സമൂഹത്തിന്റെ സന്തോഷത്തിന്റെയും ആരോഗ്യത്തിന്റെയും മുന്നുപാധിയായി തിരിച്ചറിയുന്നു. ആഗോളവിപണിയുടെ അനിശ്ചിതത്വത്തിനും ചൂഷണത്തിനും ഇരയാകാത്ത പ്രാദേശിക, കർഷക- ഉപഭോക്തൃ സഹകരണം സൃഷ്ടിക്കുന്നു.

ഭക്ഷ്യോൽപാദനമാണ് മനുഷ്യന്റെ തനിമ. എന്നാൽ കൃഷിയിലെ മൂലധനവാഴ്ച-ആധുനികത്വം-കോളനിത്വം മനുഷ്യനെ ഭക്ഷ്യകാർഷികവൃത്തിയിൽനിന്നും അന്യവൽക്കരിച്ചിരിക്കുന്നു. പ്രകൃതിയെ അറിയാനും പ്രണയിക്കാനും അതിന്റെ സുഖത്തിൽ ലയിക്കാനുമുള്ള ജന്മാവകാശം നിഷേധിച്ചിരിക്കുന്നു. ജൈവകൃഷി പ്രാദേശിക ഭക്ഷ്യോൽപാദനക്കൂട്ടായ്മയിൽ നിലയുറപ്പിച്ചതിനാൽ എല്ലാവരെയും മണ്ണിലേയ്ക്ക് വിളിക്കുന്നു. ബാഹ്യവും താൽക്കാലികവുമായ കൃത്രിമസമൃദ്ധിയിൽനിന്ന് ആന്തരികവും സ്ഥായിയായതുമായ നൈസർഗ്ഗികസമൃദ്ധിയിലേയ്ക്കു നമ്മെ നയിക്കുന്നു. പ്രകൃതിയിലും മനുഷ്യസംസ്കാരത്തിലുമുള്ള വൈവിധ്യങ്ങൾക്ക് അത് കളമൊരുക്കുന്നു. വ്യക്തി തെരഞ്ഞെടുക്കുന്ന ഒരു തൊഴിൽ/ ആദായം/ വിനോദം എന്നതിനപ്പുറത്തേക്ക് പ്രാദേശിക സമൂഹങ്ങളുടെ, പ്രത്യേകിച്ച് പിൻതള്ളപ്പെടുന്നവരുടെ- സ്ത്രീകളുടെ, ഭൂരഹിതരുടെ അതിജീവനസമരമായി ജൈവകൃഷി വേരുപിടിക്കുകയാണ്. ■